പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7297 16.07.2012 - ൽ മറുപടിക്ക്

# റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരിഷ്ക്കരിച്ച പി. ഡബ്ല്യു. ഡി. മാന്വലിലെ clause 901 പ്രകാരമാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കെ. എസ്. റ്റി. പി. യിൽ ഇപ്പോൾത്തന്നെ റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം നിലവിലുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച്, ഏറ്റവും ഫലപ്രദമായി സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണം നടപ്പിലാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |

(സി) വിവിധ തരത്തിലുള്ള റോഡ് പരിപാലനത്തിന് വേണ്ട സൂചകങ്ങൾ കണ്ടെത്തി പ്രസ്തുത സിസ്റ്റത്തിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ?

(സി) പലതരം സുചകങ്ങൾ കണക്കിലെടുത്ത് റോഡുകളുടെ നിലവിലുള്ള സ്ഥിതി വിലയിരുത്തി ഫലപ്രദമായ രീതിയിൽ റോഡ് പരിപാലനം ആസൂത്രണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**